F.No. 101733/D3/2012/Home

പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: **271**

10.12.2012 ൽ മറുപടിയ്ക്ക്

**ഇടുക്കി ജില്ലയിലെ രാഷ്ട്രീയ കൊലപാതകം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" സണ്ണി ജോസഫ്<br>" അൻവർ സാദത്ത്<br>" ആർ. സെൽവരാജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ രാഷ്ട്രീയ പ്രതി യോഗികളെ പട്ടിക തയ്യാറാക്കി കൊല പ്പെടുത്തിയെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) സി.പി.ഐ.(എം)ന്റെ മുൻ ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. എം.എം.മണി 25.05.2012-ൽ മണക്കാട് എന്ന സ്ഥലത്ത് വച്ച് നടത്തിയ പ്രസംഗത്തിൽ രാഷ്ട്രീയ പ്രതിയോഗികളെ പട്ടിക തയ്യാറാക്കി കൊല പ്പെടുത്തി എന്നും മറ്റും വെളിപ്പെടുത്തിയ തിന്റെ അടിസ്ഥാനത്തിൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1196/2012 U/s 302, 109, 118 ഐ.പി.സി. പ്രകാരം 28.05.2012-ൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസിന്റെ അന്വേഷണം പ്രത്യേക അന്വേഷണ സംഘ ത്തിനെ നിയോഗിച്ച് ഏൽപ്പിച്ചിട്ടുള്ളതും പ്രസ്തുത സംഘത്തിന്റെ അന്വേഷണത്തിൽ ഈ കേസിലെ കുറ്റങ്ങൾ 109 of 302, 116, 117, 505 (1)(b) IPC & 117 (E) of Kerala Police Act 2011 ആയി മാറ്റി പ്രത്യേക അന്വേഷണ സംഘം തുടരന്വേഷണം നടത്തി വരികയാണ്. |
| (ബി) ആയതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസ്സുകൾ പുനരന്വേഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് ; | (ബി) രാഷ്ട്രീയ വിരോധികളെ വകവരുത്തിയ തിന് ശാന്തമ്പാറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 118/82 (അഞ്ചേരി ബേബി വധം), രാജാക്കാട് |

....2

പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 2/83 (മുള്ളൻചിറ മത്തായിയെ കൊലപ്പെടുത്തിയത്), ശാന്തമ്പാറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 65/83 (മുട്ടുക്കാട് നാണപ്പൻ കൊലക്കേസ്), പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 206/04 (ബാലു വധക്കേസ്) എന്നീ കേസുകൾ പുനരന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും കോടതി അനുവാദത്തെ തുടർന്ന് ശാന്തമ്പാറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 118/82, 65/83 രാജാക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2/83 എന്നീ കേസുകൾ പുനരന്വേഷണം നടത്തി വരുന്നതുമാണ്. പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 206/04 എന്ന കേസിന്റെ പുനരന്വേഷണം അനുവദിക്കണമെന്നുള്ള അപേക്ഷ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (സി) | ഈ കേസ്സുകളിൽ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട് ; | (സി) | സ/ശ്രീ. എം.എം.മണി, കൈനക്കരി കുട്ടൻ, ഒ.ജി. മദനൻ. |
| (ഡി) | പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവിച്ചിരിക്കുന്നവർക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും ജീവിച്ചിരിക്കുന്നവരുമായ ആരെയും അന്വേഷണത്തിൽ തിരിച്ചറിയാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ